പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 138 — 11.02.2013 - ൽ മറുപടിയ്ക്ക്

**വൃദ്ധജന പരിപാലനം**

ചോദ്യം

ശ്രീ. സി. മോയിൻകുട്ടി
ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
ശ്രീ. പി.ബി.. അബ്ദുൾ റസാക്
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സമൂഹത്തിൽ വൃദ്ധജനങ്ങളുടെ അനുപാതം വർദ്ധിച്ചു വരുന്നതു മൂലമുള്ള പ്രശ്നങ്ങൾ പരിഗണിച്ചിട്ടുണ്ടോ ; അവ പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | വൃദ്ധജനങ്ങളുടെ അനുപാതം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൃദ്ധജനങ്ങളുടെ വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള സംസ്ഥാന വയോജനനയം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരിഷ്ക്കരിച്ച വയോജന നയത്തിന്റെ അടിസ്ഥാനത്തിൽ പരിപാടികൾ ആവിഷ്ക്കരിക്കുന്നതാണ്. |
| (ബി) | വൃദ്ധജനപരിപാലനവും ശുശ്രൂഷയും ഭാവിയിൽ കൂടുതലായി വേണ്ടിവരുമെന്നത് കണക്കിലെടുത്ത് അതനുസരിച്ചുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ ; | (ബി) | വൃദ്ധജനപരിപാലനവും ശുശ്രൂഷയും സംബന്ധിച്ച പലവിധ പരിപാടികളും നടത്തിവരുന്നു. 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കുന്നതിനും വയോമിത്രം എന്ന പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കോർപ്പറേഷൻ / മുനിസിപ്പാലിറ്റികളിലും നടത്തി വരികയാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്ക്ക് സംവിധാനം മൊബൈൽ ക്ലിനിക് സൗകര്യം, വയോജനങ്ങൾക്ക് വീട്ടിൽ നിന്ന് ആശുപത്രികളിൽ എത്തുന്നതിന് ആംബുലൻസ് സൗകര്യം , |

| | | | |
|---|---|---|---|
| | | | വൃദ്ധരായ രോഗികളുടെ വീട്ടിൽ ലഭ്യമാക്കുന്ന പാലിയേറ്റിവ് കെയർ സേവനം എന്നിവ പദ്ധതി യിലൂടെ ലഭ്യമാക്കുന്നു. സാമൂഹ്യനീതി വകുപ്പിനു കീഴിൽ എല്ലാ ജില്ലകളിലും വൃദ്ധമന്ദിര ങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വയോജനനയം പരിഷ്ക രിച്ച് കൂടുതൽ പദ്ധതികൾ വയോജനങ്ങൾക്കായി നടപ്പാ ക്കാനും ഭാവിയിൽ വരാനിരി ക്കുന്ന വയോജന സമൂഹത്തിന് മാനസികമായും ആരോഗ്യപര മായും സാമൂഹികമായും എല്ലാ പിൻതുണയും ലഭ്യമാക്കുന്ന തര ത്തിൽ പദ്ധതികൾ ആവിഷ്ക്കരി ക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വൃദ്ധജന പരിപാലനത്തിനുള്ള പരിശീലന സ്ഥാപനങ്ങളേതെ ങ്കിലും സംസ്ഥാനത്ത് പ്രവർത്തി ക്കുന്നുണ്ടോ ; ഇല്ലെങ്കിൽ, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഇതിനായി ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) | സാമൂഹ്യനീതി വകുപ്പിനു കീഴിൽ വൃദ്ധജന പരിപാലനത്തിനുള്ള പരിശീലന സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നില്ല. വൃദ്ധജന പരിപാലനത്തിനുള്ള ട്രെയിനിംഗ് സെന്റർ ആരംഭിയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

R. Vijayakumar

സെക്ഷൻ ഓഫീസർ